"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1373/2022/LSGD   തീയതി,തിരുവനന്തപുരം, 03-06-2022

---

പരാമർശം:-

1. സ.ഉ(പി) 81/2019/ധന തീയതി 09.7.2019.
2. സ.ഉ(സാധാ) നം. 2094/2020/തസ്വഭവ തീയതി 06.11.2020.
3. സ.ഉ (പി) നം. 29/2021/ധന തീയതി 11.2.2021.

**ഉത്തരവ്**

ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച പരാമർശം (1) ലെ ഉത്തരവ് പ്രകാരം നഴ്സിങ് അസിസ്റ്റന്റ് ഉൾപ്പടെയുള്ള ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ കരാർ വേതനം 18030/- രൂപ ആയതിനാൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയവും 18030/- രൂപയായി വർദ്ധിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച പരാമർശം (3) ലെ ഉത്തരവിലെ കാറ്റഗറി I-ൽ ഉൾപ്പെട്ട തസ്തികകൾക്കുള്ള വേതനം 18,390 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയവും 18390/- രൂപയായി 01.02.2021 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/179/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 03-06-2022 16:56:44

സെക്ഷൻ ഓഫീസർ